"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് — മെഡിക്കൽ വിദ്യാഭ്യാസം — ജീവനക്കാര്യം - പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുക്കുന്ന സ്ഥിര ദന്തൽ വിഭാഗം അധ്യാപക ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കൊമ്മൊഡേറ്റ്/ആഗിരണം ചെയ്യുന്നതിന് സൃഷ്ടിക്കപ്പെട്ട അധ്യാപക തസ്തികകളുടെ (14 സൂപ്പർ ന്യൂമററി ഉൾപ്പെടെ ആകെ 43 അധ്യാപക തസ്തികകൾ) വർഗീകരണം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആരോഗ്യകുടുംബക്ഷേമ (എസ്) വകുപ്പ്

സ.ഉ.(കൈ) നം.137/2022/H&FWD തീയതി,തിരുവനന്തപുരം, 28-06-2022

---

പരാമർശം:-

1) 19/02/2021 തീയ്യതിയിലെ സ.ഉ(കൈ) നം.52/2021/ആ.കു.വ
2) 16/03/2022 ലെ സ.ഉ(കൈ) 58/2022 /ആ.കു.വ
3) 18/03/2022 ലെ സ.ഉ(കൈ) 62/2022 /ആ.കു.വ
4) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 14/08/2020 — ലെ എൻ.സി4/1408/2020/ഡി.എം.ഇ, 08/01/2020, 24/08/2021 തീയതികളിലെ എൻ.സി4/1415/2020/ഡി.എം.ഇ നമ്പർ കത്തുകൾ

**ഉത്തരവ്**

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലെക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് (2019-ലെ 13-ാം ആക്ട്) പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 02/03/2019 തീയ്യതി പ്രാബല്യത്തിൽ പൂർണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടു വന്നിരുന്നു. മുൻ പരിയാരം മെഡിക്കൽ കോളേജിലെ മെഡിക്കൽ അധ്യാപക വിഭാഗങ്ങളിൽ ഉൾപ്പെട്ട സ്ഥിര ജീവനക്കാരെയും സ്റ്റാഫ് നഴ്സ് വിഭാഗത്തിൽ വിവിധ തസ്തികകളിൽ ഉൾപ്പെട്ട ജീവനക്കാരെയും പരാമർശം 2,3 എന്നിവ പ്രകാരം അക്കൊമൊഡേറ്റ് ചെയ്ത് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മുൻ പരിയാരം മെഡിക്കൽ കോളേജിലെ ഡെന്റൽ അധ്യാപകരുൾപ്പെടെയുള്ള സ്ഥിര ജീവനക്കാരുടെ അക്കൊമൊഡേഷനായി പരാമർശം 1 പ്രകാരം 772 തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത 772 തസ്തികകളിൽ സ്ഥിര ദന്തൽ വിഭാഗം അധ്യാപക ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കൊമ്മൊഡേറ്റ്/ആഗിരണം ചെയ്യുന്നതിന് 43 അധ്യാപക തസ്തികകളുടെ വർഗീകരണം അഭ്യർത്ഥിച്ച് പരാമർശം 5 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ കത്ത് നൽകിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാരെ ഏറ്റെടുക്കുന്നതിനായി കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചിട്ടുള്ള 772 തസ്തികകളിൽ 14 സൂപ്പർ ന്യൂമററി ഉൾപ്പെടെ ആകെ 43 അധ്യാപക

തസ്തികകൾ ദന്തൽ വിഭാഗം അധ്യാപകരായ സ്ഥിര ജീവനക്കാരുടെ അക്കൊമൊഡേഷന് വേണ്ടി അനുവദിച്ചും ടി തസ്തികകളുടെ വർഗീകരണം അനുബന്ധം എ — യിൽ രേഖപ്പെടുത്തും പ്രകാരം നടപ്പിലാക്കിയും 14 സൂപ്പർ ന്യൂമററി തസ്തികകളെ അനുബന്ധം ബി — യിൽ രേഖപ്പെടുത്തും പ്രകാരം തരം തിരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ബാക്കി തസ്തികകൾ സംസ്ഥാനത്തെ മറ്റ് മെഡിക്കൽ കോളേജുകൾക്ക് തുല്യമായി വർക്ക് സ്റ്റഡി നടത്തിയതിന് ശേഷം പിന്നീട് അനുവദിക്കുകയോ കുറവ് ചെയ്യുകയോ ചെയ്യുന്നതാണ്. ടി അധ്യാപകരുടെ ശമ്പള സ്കെയിൽ, ശമ്പള പരിഷ്കരണം എന്നിവ സ്റ്റേറ്റ്/യു.ജി.സി പാരിറ്റിയിൽ ആയിരിക്കുന്നതാണ്. മുൻ പരിയാരം മെഡിക്കൽ കോളേജിലെ സ്ഥിര ദന്തൽ വിഭാഗം അധ്യാപക ജീവനക്കാരുടെ അക്കൊമ്മൊഡേഷൻ/റീഡസിഗ്നേഷൻ പരിഗണിക്കുന്ന ഘട്ടത്തിൽ റീഡർ, അഡീഷണൽ പ്രൊഫസർ തസ്തികയിലുള്ളവരെ അസോസിയേറ്റ് പ്രൊഫസർമാരായും ജൂനിയർ ലക്ചറർ തസ്തികയിലുള്ളവരെ ലക്ചറർമാരായും റീഡസിഗ്നേറ്റ് ചെയ്യുന്നതാണ്. റീഡർ, അഡീഷണൽ പ്രൊഫസർ തസ്തികയിലുള്ളവരെ അസോസിയേറ്റ് പ്രൊഫസർമാരായി റീഡസിഗ്നേറ്റ് ചെയ്യുന്ന ഘട്ടത്തിൽ ടിയാളുകൾ 8 വർഷത്തെ പോസ്റ്റ് പി.ജി സേവനം പൂർത്തീകരിച്ചിട്ടുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ദന്തൽ വിഭാഗത്തിൽ നിലവിലുള്ള മറ്റ് അധ്യാപക മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (01/01/2022 - ലെ 1602024/HLT-B1/93/2020-FIN പ്രകാരം)
വെബ്&ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Muraleedharan Chettiyar**
**Date: 28-06-2022 12:30:10**
സെക്ഷൻ ഓഫീസർ

പകർപ്പ്: -ആരോഗ്യ-വനിത-ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

## അനുബന്ധം എ

| തസ്തിക | ആകെ എണ്ണം | വകുപ്പ് തലത്തിലുള്ള വർഗീകരണം | വകുപ്പ് തലത്തിലുള്ള എണ്ണം |
|---|---|---|---|
| പ്രൊഫസർ | 7 | പ്രോസ്തോഡോണ്ടിക്സ് | 2 |
| | | ഓറൽ & മാക്സിലോഫേഷ്യൽ സർജറി | 1 |
| | | ഓറൽ മെഡിസിൻ & റേഡിയോളജി | 1 |
| | | ഓർത്തോഡോണ്ടിക്സ് | 1 |
| | | പെരിയോഡോണ്ടിക്സ് | 1 |
| | | കൺസർവേറ്റീവ് ദന്തിസ്ട്രി | 1 |
| അസോസിയേറ്റ് പ്രൊഫസർ | 14 | ഓറൽ പതോളജി & മൈക്രോബയോളജി | 1 |
| | | ഓർത്തോഡോണ്ടിക്സ് (അഡീഷണൽ പ്രൊഫസർ ഓൺ റീഡസിഗ്നേഷൻ) | 3 |
| | | ഓറൽ മെഡിസിൻ & റേഡിയോളജി (അഡീഷണൽ പ്രൊഫസർ ഓൺ റീഡസിഗ്നേഷൻ) | 1 |
| | | കൺസർവേറ്റീവ് ദന്തിസ്ട്രി | 2 |
| | | പെരിയോഡോണ്ടിക്സ് | 1 |
| | | പീഡോഡോണ്ടിക്സ് | 1 |
| | | ഓറൽ & മാക്സിലോഫേഷ്യൽ സർജറി | 2 |
| | | കൺസർവേറ്റീവ് ദന്തിസ്ട്രി (റീഡർ ഓൺ റീഡസിഗ്നേഷൻ) | 1 |
| | | ഓറൽ പതോളജി & മൈക്രോബയോളജി (റീഡർ ഓൺ റീഡസിഗ്നേഷൻ) | 1 |
| | | കമ്മ്യൂണിറ്റി ദന്തിസ്ട്രി (റീഡർ ഓൺ റീഡസിഗ്നേഷൻ) | 1 |
| അസിസ്റ്റന്റ് പ്രൊഫസർ | 4 | ഓറൽ പതോളജി & മൈക്രോബയോളജി | 1 |
| | | ഓർത്തോഡോണ്ടിക്സ് | 1 |
| | | കമ്മ്യൂണിറ്റി ദന്തിസ്ട്രി | 1 |
| | | കൺസർവേറ്റീവ് ദന്തിസ്ട്രി | 1 |
| ലക്ചറർ | 18 | പ്രോസ്തോഡോണ്ടിക്സ് | 6 |
| | | ഓറൽ & മാക്സിലോഫേഷ്യൽ സർജറി | 2 |
| | | ഓറൽ മെഡിസിൻ & റേഡിയോളജി | 1 |
| | | ഓറൽ പതോളജി & മൈക്രോബയോളജി | 1 |
| | | പീഡോഡോണ്ടിക്സ് | 4 |
| | | പെരിയോഡോണ്ടിക്സ് | 3 |
| | | കമ്മ്യൂണിറ്റി ദന്തിസ്ട്രി | 1 |

## അനുബന്ധം ബി

| സൂപ്പർ ന്യൂമററി തസ്തിക | ആകെ എണ്ണം | വകുപ്പ് | വകുപ്പ് തലത്തിലുള്ള എണ്ണം |
|---|---|---|---|
| പ്രൊഫസർ | 2 | പ്രോസ്തോഡോണ്ടിക്സ് | 1 |
| | | ഓറൽ & മാക്സിലോഫേഷ്യൽ സർജറി | 1 |
| അസോസിയേറ്റ് പ്രൊഫസർ | 5 | ഓറൽ പതോളജി & മൈക്രോബയോളജി | 1 |
| | | ഓർത്തോഡോണ്ടിക്സ് | 1 |
| | | കൺസർവേറ്റീവ് ദന്തിസ്ട്രി | 1 |
| | | ഓറൽ & മാക്സിലോഫേഷ്യൽ സർജറി | 2 |
| അസിസ്റ്റന്റ് പ്രൊഫസർ | 1 | കമ്മ്യൂണിറ്റി ദന്തിസ്ട്രി | 1 |
| ലക്ചറർ | 6 | പ്രോസ്തോഡോണ്ടിക്സ് | 2 |
| | | പീഡോഡോണ്ടിക്സ് | 3 |
| | | പെരിയോഡോണ്ടിക്സ് | 1 |